പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2150 **26-10-2026-ൽ മറുപടിയ്ക്ക്**

തോന്നൂർക്കര – തോട്ടേക്കോട് റോഡ് നിർമ്മാണം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. യു. ആർ. പ്രദീപ് ശ്രീ. കെ. എം. ഷാജി
(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

(എ) നവകേരള സദസ്സുമായി ബന്ധപ്പെട്ട പ്രവൃത്തിയായ ചേലക്കര നിയോജകമണ്ഡലത്തിലെ തോന്നൂർക്കര-തോട്ടേക്കോട് റോഡ് നിർമ്മാണ പ്രവൃത്തിക്ക് ഭരണാനുമതി നല്കിയത് എന്നാണ്; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

മറുപടി: 16.09.2025 ലെ സ.ഉ.(കൈ)നം.166/2025/LSGD പ്രകാരമാണ് ടി പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുള്ളത്. ഭരണാനുമതി ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.

(ബി) തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിന് നിർമ്മാണ ചുമതലയുള്ള ഈ പ്രവൃത്തിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ്;

മറുപടി: 4 തവണ ടെണ്ടർ ചെയ്തിട്ടും പ്രവൃത്തി ആരും ഏറ്റെടുത്തിട്ടില്ല.

(സി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് എന്നത്തേക്ക് പ്രവൃത്തി പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വിശദമാക്കാമോ?

മറുപടി: ടി പ്രവൃത്തി റീ ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. പ്രവൃത്തി ഏറ്റെടുക്കുന്ന മുറയ്ക്ക് സമയബന്ധിതമായി പൂർത്തീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - നവകേരള സദസ്സിൽ ഉയർന്ന വന്ന വികസന പദ്ധതികൾ- തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾക്ക് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

തദ്ദേശ സ്വയംഭരണ(പി.പി)വകുപ്പ്

സ.ഉ.(കൈ) നം.166/2025/LSGD തീയതി,തിരുവനന്തപുരം, 16-09-2025

പരാമർശം:-
1. 30.05.2025 ലെ സ.ഉ.(കൈ)നം.1/2025/PIE&MD.
2. 28.07.2025 ലെ സ.ഉ.(കൈ)നം.3/2025/PIEMD.
3. 13.08.2025 ലെ സ.ഉ.(കൈ)നം.നം.144/2025/LSGD. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ
4. 08.09.2025 ൽ ചേർന്ന Administrative Sanction committee യോഗത്തിന്റെ നടപടിക്കുറിപ്പ്.

ഉത്തരവ്

നവകേരള സദസ്സിൽ ഉയർന്ന വന്ന വികസന പദ്ധതികളിൽ മലപ്പുറം ജില്ലയുടേതൊഴികെയുള്ള പദ്ധതികളുടെ അന്തിമപട്ടിക അംഗീകരിച്ചുകൊണ്ടും, പദ്ധതി നടത്തിപ്പിനായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ചുകൊണ്ടും, അംഗീകരിച്ച പദ്ധതികൾക്ക് ഭേദഗതി നൽകുന്നതിനായി കമ്മറ്റി രൂപീകരിച്ചുകൊണ്ടും പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

2. പരാമർശം (1) പ്രകാരം അംഗീകരിച്ച പട്ടികയിൽ ഭേദഗതി വരുത്തിക്കൊണ്ടുള്ള, മലപ്പുറം ജില്ലയിലെ പദ്ധതികൾ കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള അന്തിമ പട്ടിക അംഗീകരിച്ച് പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു.

3. നവകേരള സദസ്സിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾക്ക് അംഗീകാരം നൽകുന്നതിനായി പരാമർശം (3) പ്രകാരം Administrative Sanction committee രൂപീകരിച്ചിട്ടുണ്ട്.

4. 08.09.2025 ൽ ചേർന്ന Administrative Sanction committee യോഗം നവകേരള സദസ്സിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന നടപ്പിലാക്കുന്ന 12 പദ്ധതികൾക്ക് പരാമർശം(4) പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ

അനുബന്ധമായി ചേർത്തിരിക്കുന്ന 12 പദ്ധതികൾക്ക് ഭരണാനുമതി നൽകി ഉത്തരവാകുന്നു. അതോടൊപ്പം കണ്ണൂർ ജില്ല, തളിപ്പറമ്പ നിയോജകമണ്ഡലത്തിലെ പറശ്ശിനിക്കടവ് ബസ് സ്റ്റാൻഡ് എന്ന പ്രവൃത്തി ഇംപാക്ട് കേരള ലിമിറ്റഡ് മുഖേന നിർവ്വഹിക്കുന്നതിനും, എറണാകുളം ജില്ല, കുന്നത്തുനാട് നിയോജക മണ്ഡലത്തിലെ തിരുവാണിയൂർ ഗ്രാമപഞ്ചായത്ത് മിനി സിവിൽസ്റ്റേഷൻ നിർമ്മാണം എന്ന പ്രവൃത്തി അക്രെഡിറ്റഡ് ഏജൻസി ആയ നിർമ്മിതികേന്ദ്രം മുഖേന നടപ്പിലാക്കുന്നതിനും അനുമതി നൽകുന്നു. പദ്ധതിയുടെ നിർവ്വഹണ കാലയളവ്, നിബന്ധനകളും വ്യവസ്ഥകളും എന്നിവയ്ക്ക് പി.ഡബ്ല്യു.ഡി മാനുവൽ പ്രകാരമുള്ള പൊതുവായ മാനദണ്ഡങ്ങൾ ബാധകമാക്കിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുപമ ടി വി ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
പദ്ധതി നിർവ്വഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പ്.
ധനകാര്യ വകുപ്പ് .
ആസൂത്രണ വകുപ്പ്.
ട്രഷറി ഡയറക്ടർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള,തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
വിവര - പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
സെക്ഷൻ ഓഫീസർ
Manju L S
Date: 17-09-2025 13:48:02

ക്രമനം	ജില്ല	നിയോജകമണ്ഡലം	പ്രവൃത്തിയുടെ പേര്	എസ്റ്റിമേറ്റ് തുക (കോടിയിൽ)
1	കൊല്ലം	കുണ്ടറ	തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്തിലെ 16-ാം വാർഡ് കുമ്പിവിള ഡോൺ ബോസ്കോ മുതൽ 18-ാം വാർഡ് പേരയം സ്കൂൾ ജംഗ്ഷൻ റോഡ് പുനരുദ്ധാരണം	3.50
2	കൊല്ലം	കരുനാഗപ്പള്ളി	നഴ്സറി മുക്ക് - ഐഡിയൽ സ്കൂൾ -ശാസ്താം പൊയ്ക - ചിറ്റുമൂല റെയിൽവേ ഗേറ്റ് - റ്റി ബി ജംഗ്ഷൻ -മണ്ണടിശ്ശേരിൽ - പഞ്ചമി മുക്ക് -ആനന്ദ ജംഗ്ഷൻ - ശാസ്താം പൊയ്ക റോഡ്	5.65
3	എറണാകുളം	കൊച്ചി	അഗസ്റ്റിൻ ജോസഫ് ഭാഗവതർ റോഡ് ബിഎം &ബിസി ഉപയോഗിച്ചുള്ള നവീകരണം	0.94
4	എറണാകുളം	കുന്നത്തുനാട്	തിരുവാണിയൂർ ഗ്രാമപഞ്ചായത്ത് മിനി സിവിൽസ്റ്റേഷൻ നിർമ്മാണം	3.50
5	തൃശ്ശൂർ	ചാലക്കുടി	കോടശ്ശേരി ഗ്രാമപഞ്ചായത്തിലെ നായരങ്ങാടി ജംഗ്ഷൻ മുതൽ പരിയാരം ഗ്രാമപഞ്ചായത്തിലെ ആനമല PWD റോഡ് വരെ ബിഎം & ബിസി നിലവാരത്തിൽ റോഡ് പുനരുദ്ധാരണം	3.00
6	തൃശ്ശൂർ	കുന്നംകുളം	വേലൂർ ഗ്രാമപഞ്ചായത്ത് എരുമപ്പെട്ടി പഴവൂർ റോഡ് ആധുനികവൽക്കരണം	2.50
7	തൃശ്ശൂർ	കുന്നംകുളം	കടങ്ങോട് ഗ്രാമപഞ്ചായത്ത് വെള്ളറക്കാട്-പള്ളിമേപ്പുറം- തിപ്പിലശ്ശേരി റോഡ് ആധുനികവൽക്കരണം	4.50
8	തൃശ്ശൂർ	പുതുക്കാട്	ഓവുങ്ങൽ - കൊരച്ചാൽ -ചെമ്മുച്ചിറ - നൂലുവള്ളി റോഡ് ബിഎം & ബിസി നവീകരണം (മറ്റത്തൂർ ഗ്രാമപഞ്ചായത്ത്)	6.00
9	തൃശ്ശൂർ	ചേലക്കര	ചേലക്കര പഞ്ചായത്തിലെ തോന്നൂർക്കര-തോട്ടയ്ക്കോട് റോഡ് പുനരുദ്ധാരണം	3.50
10	തൃശ്ശൂർ	മണലൂർ	മുല്ലശ്ശേരി ഗ്രാമപഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിൽ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം	4.00
11	പാലക്കാട്	തൃത്താല	പട്ടിക്കായൽ നവീകരണം	5.00
12	കണ്ണൂർ	തളിപ്പറമ്പ	പറശ്ശിനിക്കടവ് ബസ് സ്റ്റാൻഡ്	7.00